## മധുരമായ കുട്ടികളെ– ഉസ്താദായ അച്ഛൻ നിങ്ങളെ മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനുള്ള കല പഠിപ്പിച്ചു, നിങ്ങൾ ശ്രീമതമനുസരിച്ച് മറ്റുള്ളവരെയും ദേവതയാക്കുന്നതിനുള്ള സേവനം ചെയ്യൂ.

**ചോദ്യം–** ഇപ്പോൾ നിങ്ങൾ കുട്ടികൾ ഏതൊരു ശ്രേഷ്ഠമായ കർമ്മമാണ് ചെയ്യുന്നത്, അതിന്റെ സമ്പ്രദായം ഭക്തിയിലും നില നില്ക്കുന്നു?

**ഉത്തരം–** നിങ്ങൾ ഇപ്പോൾ ശ്രീമത്തനുസരിച്ച് ശരീരം, മനസ്സ്, ധനം ഭാരതത്തിന് വേണ്ടി മാത്രമല്ല, വിശ്വ മംഗളത്തിന് വേണ്ടി അർപ്പണം ചെയ്യുന്നു ഇതിന്റെ ആചാരമായി ഭക്തിയിൽ മനുഷ്യർ ഈശ്വരാർത്ഥം ദാനം ചെയ്യുന്നു. അവർക്ക് അതിനു പകരം അടുത്ത ജന്മത്തിൽ രാജകുടുംബത്തിൽ ജന്മം ലഭിക്കുന്നു. നിങ്ങൾ കുട്ടികൾ സംഗമത്തിൽ ബാബയുടെ സഹായികളായി മാറുന്നു അപ്പോൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നു.

*ഗീതം–* നീ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, കുട്ടികൾ മനസ്സിലാക്കുമ്പോൾ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കുന്നു. മനസ്സിലാക്കുന്നില്ലായെങ്കിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. സ്വയം മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നില്ലായെങ്കിൽ അർത്ഥം ഒന്നും മനസ്സിലാക്കിയിട്ടില്ല. ആരെങ്കിലും എന്തെങ്കിലും കല പഠിക്കുമ്പോൾ അത് വ്യാപിപ്പിക്കുന്നു. മനുഷ്യനിൽ നിന്നും എങ്ങനെ ദേവതയാകാം എന്ന ഈ കല ബാബയിൽ നിന്നാണ് പഠിക്കുന്നത്. ദേവതമാരുടെ ചിത്രങ്ങൾ ഉണ്ട്, മനുഷ്യനെ ദേവതയാക്കി മാറ്റുന്നു, അർത്ഥം ഇപ്പോൾ ദേവതയല്ല. ദേവതമാരുടെ മഹിമ പാടാറുണ്ട്. സർവ്വഗുണ സമ്പന്നൻ.... ഇവിടെ ഒരു മനുഷ്യന്റെയും ഇതേ പോലെയുള്ള ഗുണങ്ങൾ പാടാറില്ല. മനുഷ്യർ ക്ഷേത്രങ്ങളിൽ പോയി ദേവതമാരുടെ മഹിമകൾ പാടുന്നു. സന്യാസിമാരും പവിത്രമാണ്, എന്നാൽ മനുഷ്യർ അവരുടെ ഇങ്ങനെയുള്ള മഹിമകൾ പാടുന്നില്ല. ആ സന്യാസിമാർ ശാസ്ത്രങ്ങളും മറ്റും കേൾപ്പിക്കുന്നു. ദേവതമാർ യാതൊന്നും കേൾപ്പിച്ചിട്ടില്ല. അവർ പ്രാപ്തി അനുഭവിക്കുന്നു. മുൻ ജന്മത്തിൽ പുരുഷാർത്ഥം ചെയ്ത് മനുഷ്യനിൽ നിന്നും ദേവതയായി തീർന്നതാണ്. അതിനാൽ സന്യാസിമാരിൽ ആരിലും ദേവതമാരെ പോലെ ഗുണങ്ങളില്ല. ഗുണമില്ലാത്തിടത്ത് തീർച്ചയായും അവഗുണമുണ്ട്. സത്യയുഗത്തിൽ ഇതേ ഭാരതത്തിൽ രാജാ റാണി പ്രജകൾ സർവ്വ ഗുണ സമ്പന്നരായിരുന്നു. അവർക്ക് സർവ്വ ഗുണങ്ങളുണ്ടായിരുന്നു. ആ ദേവതമാരുടെ ഗുണങ്ങളാണ് പാടുന്നത്. ആ സമയത്ത് മറ്റ് ധർമ്മമുണ്ടായിരുന്നില്ല. ഗുണങ്ങളുള്ള ദേവതമാർ സത്യയുഗത്തിലായിരുന്നു, അവഗുണങ്ങളുള്ള മനുഷ്യർ കലിയുഗത്തിലായിരുന്നു. ഇപ്പോൾ അവഗുണങ്ങളുള്ള മനുഷ്യരെ ആര് ദേവതയാക്കും. പറയാറുണ്ട്– മനുഷ്യനിൽ നിന്നും ദേവത..... ഈ മഹിമ പരമപിതാ പരമാത്മാവിന്റേതാണ്. ദേവതമാരും മനുഷ്യരാണ്, എന്നാൽ അവരിൽ ഗുണങ്ങളുണ്ട്, ഇവരിൽ അവഗുണങ്ങളും. ബാബയിൽ നിന്നാണ് ഗുണങ്ങൾ പ്രാപ്തമാകുന്നത്, ബാബയെയാണ് സത്ഗുരുവെന്ന് പറയുന്നത്. അവഗുണം പ്രാപ്തമാകുന്നത് മായാ രാവണനിൽ നിന്നാണ്. ഇത്രയും ഗുണവാന്മാരായവർ എങ്ങനെ അവഗുണിയായി തീരുന്നു. സർവ്വഗുണ സമ്പന്നരും പിന്നെ സർവ്വ അവഗുണ സമ്പന്നരുമാക്കുന്നത് ആരാണ്! ഇത് കുട്ടികൾക്കറിയാം. പാടാറുണ്ട്– ഞാൻ നിർഗുണനാണ്, എന്നിൽ ഒരു ഗുണവുമില്ല. ദേവതമാരുടെ ഗുണങ്ങൾ എത്ര മഹിമ പാടുന്നുണ്ട്. ഈ സമയത്ത് ആ ഗുണങ്ങൾ ആരിലുമില്ല. ആഹാരരീതി പോലും എത്ര മോശമാണ്. ദേവതമാർ വൈഷ്ണവ സമ്പ്രദായത്തിലുള്ളവരാണ്, ഈ സമയത്തെ മനുഷ്യർ രാവണ സമ്പ്രദായത്തിലും. ആഹാര രീതി എത്ര പരിവർത്തനപ്പെട്ടു. കേവലം വസ്ത്ര രീതി മാത്രം നോക്കണ്ട. കാണുന്നുണ്ട് കഴിക്കുന്നതും കുടിക്കുന്നതും വികാരത്തെയും. ബാബ സ്വയം പറയുന്നു എനിക്ക് ഭാരതത്തിൽ തന്നെ വരേണ്ടിയിരിക്കുന്നു. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരിലൂടെയും ബ്രാഹ്മണിമാരിലൂടെയും സ്ഥാപന ചെയ്യിക്കുന്നു. ഇത് ബ്രാഹ്മണരുടെ യജ്ഞമാണ്. അവർ വികാരി ബ്രാഹ്മണകുഖവംശാവലി, ഇത് മുഖവംശാവലി. വളരെ വ്യത്യാസമുണ്ട്. ആ സമ്പന്നർ രചിക്കുന്ന യജ്ഞത്തിൽ ഭാതിക ബ്രാഹ്മണരാണ് ഉള്ളത്. ഇത് പരിധിയില്ലാത്ത അച്ഛനാണ്, സമ്പന്നരിലും വെച്ച് സമ്പന്നർ. രാജാക്കൻമാരുടെയും രാജാവ്. സമ്പന്നരുടെയും സമ്പന്നൻ എന്ന് എന്തു കൊണ്ട് പറയുന്നു? കാരണം സമ്പന്നരും പറയുന്നു ഞങ്ങൾക്ക് ഈശ്വരനാണ് ധനം നല്കിയത് എന്ന്, ഈശ്വരാർത്ഥം ധനം നല്കുന്നു അതിനാൽ അടുത്ത ജന്മത്തിൽ ധനവാനായി തീരുന്നു. ഈ സമയത്ത് നിങ്ങൾ ശിവബാബയ്ക്ക് സർവ്വതും ശരീരം, മനസ്സ്, ധനം അർപ്പണം ചെയ്യുന്നു. അപ്പോൾ എത്ര ഉയർന്ന പദവി പ്രാപ്തമാക്കുന്നു.

നിങ്ങൾ ശ്രീമത്തനുസരിച്ച് ഇത്രയും ഉയർന്ന കർമ്മം പഠിക്കുകയാണ് അതിനാൽ നിങ്ങൾക്ക് തീർച്ചയായും ഫലം ലഭിക്കണം. ശരീരം, മനസ്സ്, ധനം അർപ്പണം ചെയ്യുന്നു. അവരും മറ്റുള്ളവരിലൂടെ ഈശ്വരന് വേണ്ടിയാണ് ചെയ്യുന്നത്. ഈ സമ്പ്രദായം ഭാരതത്തിലാണ് ഉള്ളത്. അതിനാൽ ബാബ നിങ്ങളെ വളരെ ശ്രേഷ്ഠ കർമ്മം പഠിപ്പിക്കുന്നു. നിങ്ങൾ ഈ കർത്തവ്യം ഭാരതത്തിന്റെ മാത്രമല്ല, മുഴുവൻ ലോകത്തിന്റെ മംഗളാർത്ഥം ചെയ്യുന്നു അതിനാൽ മനുഷ്യനിൽ നിന്നും ദേവതയാകുന്നതിന്റെ ഫലം ലഭിക്കുന്നു. ആര് ശ്രീമത്തനുസരിച്ച് എങ്ങനെയുള്ള കർമ്മം ചെയ്യുന്നുവൊ, അതിനനുസരിച്ച് ഫലം ലഭിക്കുന്നു. നമ്മൾ സാക്ഷിയായി കണ്ടു കൊണ്ടിരിക്കുന്നു, ആര് ശ്രീമത്തനുസരിച്ച് മനുഷ്യനെ ദേവതയാക്കുന്നതിനുള്ള സേവനം ചെയ്യുന്നു, എത്ര ജീവിതം പരിവർത്തനപ്പെടുന്നു. ശ്രീമത്തനുസരിച്ച് നടക്കുന്നവരാണ് ബ്രാഹ്മണർ. ബാബ പറയുന്നു ബ്രാഹ്മണരിലൂടെ ശൂദ്രരെ രാജയോഗം പഠിപ്പിക്കുന്നു- 5000 വർഷങ്ങളുടെ കാര്യമാണ്. ഭാരതത്തിൽ തന്നെയായിരുന്നു ദേവീ ദേവതമാരുടെ രാജ്യം ഉണ്ടായിരുന്നത്. ചിത്രം കാണിക്കണം. ചിത്രമില്ലായെങ്കിൽ അവർ ചിന്തിക്കും-ഇത് ഏത് പുതിയ ധർമ്മമാണ്, വിദേശത്ത് നിന്ന് വന്നതാണോ എന്ന്. ചിത്രം കാണിക്കുമ്പോൾ ഇവർ ദേവതമാരെ അംഗീകരിക്കുന്നവരാണെന്ന് മനസ്സിലാക്കും. അപ്പോൾ മനസ്സിലാക്കണം ശ്രീനാരായണന്റെ 84-ാമത്തെ അന്തിമ ജന്മത്തിൽ പരമപിതാ പരമാത്മാവ് പ്രവേശിച്ച് രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. അപ്പോൾ കൃഷ്ണന്റെ കാര്യം ഇല്ലാതാകും. ഇത് കൃഷ്ണന്റെ 84-ാമത്തെ ജന്മത്തിന്റെയും അന്ത്യമാണ്. സൂര്യവംശി ദേവതമാരായിരുന്നവർ സർവ്വരും വന്ന് രാജയോഗം പഠിക്കണം. ഡ്രാമയനുസരിച്ച് തീർച്ചയായും പുരുഷാർത്ഥവും ചെയ്യണം. നിങ്ങൾ കുട്ടികൾ ഇപ്പോൾ സന്മുഖത്തിരുന്ന് കേട്ടുകൊണ്ടിരിക്കുന്നു, കുട്ടികൾ പിന്നീട് ഈ ടേപ്പിലൂടെ കേൾക്കും അപ്പോൾ മനസ്സിലാക്കും നമ്മളും മാതാപിതാവിനോടൊപ്പം വീണ്ടും ദേവതയായി കൊണ്ടിരിക്കുന്നുവെന്ന്. ഈ സമയത്ത് 84-ാമത്തെ ജന്മത്തിൽ തീർച്ചയായും ദരിദ്രരാകണം. ആത്മാവ് സർവ്വതും ബാബയിൽ സമർപ്പണം ചെയ്യുന്നു. ഈ ശരീരം തന്നെയാണ് കുതിര, അത് അർപ്പണമാകുന്നു. ആത്മാവ് സ്വയം പറയുന്നു- ഞാൻ ബാബയുടേതായി, രണ്ടാമതായി ആരും തന്നെയില്ല. ഞാൻ ആത്മാവ് ഈ ശരീരത്തിലൂടെ പരമപിതാ പരമാത്മാവിന്റെ നിർദ്ദേശമനുസരിച്ച് സേവനം ചെയ്തു കൊണ്ടിരിക്കുന്നു. ബാബ പറയുന്നു- യോഗവും പഠിപ്പിക്കൂ, സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നുവെന്നും മനസ്സിലാക്കി കൊടുക്കൂ. മുഴുവൻ ചക്രവും കടന്നുവന്നവർക്ക് ഈ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാകും. ഈ ചക്രത്തിൽ വരാത്തവർ ഇവിടെ പിടിച്ചു നില്ക്കില്ല. മുഴുവൻ സൃഷ്ടിയും വരില്ല. ഇതിൽ പ്രജകളാണ് കൂടുതലായി വരുന്നത്. ഒരു രാജാവും റാണിയുമായിരിക്കുമല്ലോ. ഏതു പോലെ ലക്ഷ്മീ നാരായണൻ ഒന്നാണ്, രാമ സീത ഒന്നാണ് എന്ന് പാടാറുള്ളത്. പ്രിൻസ് പ്രിൻസസ് വേറെയുമുണ്ടാകും. മുഖ്യമായത് ഒരാളായിരിക്കുമല്ലോ. അതിനാൽ ഇങ്ങനെയുള്ള രാജാ റാണിയാകുന്നതിന് വളരെ പരിശ്രമം ചെയ്യണം. സാക്ഷിയായി കാണുന്നതിലൂടെ അറിയാൻ സാധിക്കും-ഇവർ സമ്പന്ന രാജ്യ പദവിയിലേതാണൊ അതോ ദരിദ്ര കുലത്തിലേതാണോ. ചിലർ മായയോട് എങ്ങനെയാണ് തോല്ക്കുന്നത്, ബാബയെ വിട്ട് പോലും പോകുന്നു. മായ തീർത്തും പച്ചയ്ക്ക് വിഴുങ്ങുന്നു അതിനാൽ ബാബ ചോദിക്കുന്നു- കുട്ടികളെ സന്തോഷമായിട്ടിരിക്കുന്നോ? മായയുടെ അടിയേറ്റ് അബോധാവസ്ഥയോ രോഗിയോ ആകുന്നില്ലല്ലോ! അങ്ങനെ ചിലർ രോഗിയായി തീരുന്നു, പിന്നെ കുട്ടികൾ അവരുടെയടുത്ത് പോയി ജ്ഞാന യോഗത്തിന്റെ സഞ്ജീവനി മരുന്ന് നല്കി ഉണർത്തുന്നു. ജ്ഞാന യോഗയിലിരിക്കാത്തതിനാൽ മായ തീർത്തും വീഴ്ത്തി കളയുന്നു. ശ്രീമതം ഉപേക്ഷിച്ച് മനോമതമനുസരിച്ച് നടക്കുന്നു. മായ തീർത്തും അബോധാവസ്ഥയിലേക്ക് കൊണ്ടു പോകുന്നു. വാസ്തവത്തിൽ സഞ്ജീവനി മരുന്ന് ഈ ജ്ഞാനമാണ്. ഇതിലൂടെ മായയുടെ അബോധാവസ്ഥ ഇല്ലാതാകുന്നു. ഈ കാര്യങ്ങൾ സർവ്വതും ഈ സമയത്തുള്ളതാണ്. സീതമാരും നിങ്ങൾ തന്നെയാണ്. രാമൻ വന്ന് മായാ രാവണനിൽ നിന്നും നിങ്ങളെ മോചിപ്പിക്കുന്നു. കുട്ടികളെ സിന്ധിൽ ബാബ മോചിപ്പിച്ചിരുന്നു. പിന്നെ രാവണന്റെ ആളുകൾ വന്ന് പിടിച്ചു കൊണ്ടു പോയിരുന്നതു പോലെ. ഇപ്പോൾ നിങ്ങൾ മായയുടെ പിടിയിൽ നിന്നും സർവ്വരെയും വിടുവിക്കണം. ബാബയ്ക്ക് ദയ തോന്നുന്നുണ്ട്- കാണുന്നുണ്ട്, എങ്ങനെ മായ അടിച്ചു വീഴ്ത്തി, കുട്ടികളുടെ ബുദ്ധിയെ തീർത്തും തിരിപ്പിച്ചു കളയുന്നു. രാമനിൽ നിന്നും ബുദ്ധി രാവണന്റെ നേർക്കാക്കുന്നു. ഒരു കളിപ്പാട്ടമുള്ള പോലെ- ഒരു ഭാഗത്ത് രാമൻ, മറു ഭാഗത്ത് രാവണൻ. ഇതിനെയാണ് പറയുന്നത് ആശ്ചര്യപ്പെടുത്തി ബാബയുടേതാകും, പിന്നെ രാവണന്റേതായി മാറും. മായ വളരെ ശക്തിശാലിയാണ്. എലിയെ പോലെ കരണ്ട് നശിപ്പിക്കുന്നു. അതിനാൽ ഒരിക്കലും ശ്രീമതം ഉപേക്ഷിക്കരുത്. കഠിനമായ കയറ്റമല്ലേ. സ്വന്തം നിർദ്ദേശം എന്നാൽ രാവണന്റെ നിർദ്ദേശം. അതനുസരിച്ച് നടക്കുകയാണെങ്കിൽ വളരെ നഷ്ടം സംഭവിക്കും. പേര് വളരെ മോശമാക്കുന്നു. അങ്ങനെയും പല സേവാകേന്ദ്രങ്ങളിലും നടക്കുന്നു. സ്വയത്തിന്റെ നഷ്ടം ഉണ്ടാക്കുന്നു. സേവനം ചെയ്യുന്ന ജ്ഞാനി യോഗീ കുട്ടികൾക്ക് മറഞ്ഞിരിക്കാൻ സാധിക്കില്ല. ദേവീക രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു, ഇതിൽ സർവ്വരും അവരവരുടെ പാർട്ട് അഭിനയിക്കും. മത്സരിക്കുകയാണെങ്കിൽ സ്വമംഗളം ചെയ്യാനാകും. മംഗളം ലഭിക്കുക അർത്ഥം തീർത്തും സ്വർഗ്ഗത്തിന്റെ അധികാരിയാകുക. ഏതു പോലെ

മാതാപിതാവ് സിംഹാസനസ്ഥരാകുമ്പോൾ കുട്ടികളും ആകണം. ബാബയെ അനുകരിക്കണം. ഇല്ലായെങ്കിൽ തന്റെ പദവി കുറയും. ബാബ ഈ ചിത്രങ്ങൾ വെറുതെ വെച്ചിരിക്കാനല്ല ഉണ്ടാക്കിയിട്ടുള്ളത്. ഇതിലൂടെ വളരെ സേവനം ചെയ്യണം. വലിയ വലിയ സമ്പന്നർ ലക്ഷ്മീ നാരായണന്റെ ക്ഷേത്രം പണിയുന്നുണ്ട്, എന്നാൽ ഇതാർക്കും അറിയില്ല ഇവർ എപ്പോഴാണ് വന്നത്, ഇവർ ഭാരതത്തെ എങ്ങനെ സുഖിയാക്കി, എല്ലാവരും എന്തിന് അവരെ ഓർമ്മിക്കുന്നു എന്ന്.

നിങ്ങൾക്കറിയാം ഒരേയൊരു ദിൽവാലയുടെ ക്ഷേത്രമാണ് വേണ്ടത്. ഈ ഒന്ന് തന്നെ ധാരാളമാണ്. ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിലൂടെ എന്ത് സംഭവിക്കും! അവർ മംഗളകാരിയല്ല. ശിവന്റെ ക്ഷേത്രം ഉണ്ടാക്കുന്നുണ്ട്, അതും അർത്ഥ രഹിതമായിട്ട്. ആ കർത്തവ്യം അറിയുന്നേയില്ല. ക്ഷേത്രം ഉണ്ടാക്കി, എന്നാൽ കർത്തവ്യത്തെ കുറിച്ചറിയുന്നില്ലായെങ്കിൽ എന്ത് പറയും? സ്വർഗ്ഗത്തിൽ ദേവതമാർ ഉണ്ടായിരുന്നപ്പോൾ ക്ഷേത്രങ്ങളില്ല. ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നവരോട് ചോദിക്കണം- ലക്ഷ്മീ നാരായണൻ എപ്പോഴാണ് വന്നിരുന്നത്? അവർ എന്ത് സുഖം നല്കിയിരുന്നു? ഒന്നും മനസ്സിലാക്കി തരാൻ സാധിക്കില്ല. ഇതിലൂടെ തെളിയുന്നത്- ആരിലാണൊ അവഗുണമുള്ളത് അവർ ഗുണവാന്റെ ക്ഷേത്രങ്ങൾ പണിയുന്നു. അതിനാൽ കുട്ടികൾക്ക് സേവനത്തിൽ വളരെ താല്പര്യം ഉണ്ടായിരിക്കണം. ബാബയ്ക്ക് സേവനത്തിൽ വളരെ താല്പര്യമുണ്ട്, അതു കൊണ്ടാണല്ലോ ഇങ്ങനെയുള്ള ചിത്രങ്ങൾ ഉണ്ടാക്കുന്നത്. ശിവബാബയാണ് ചിത്രങ്ങൾ ഉണ്ടാക്കുന്നതെങ്കിലും, രണ്ടു പേരുടെയും ബുദ്ധി പ്രവർത്തിക്കുന്നുണ്ട്. ശരി.

മധുരമധുരമായ നഷ്ടപ്പെട്ടുപോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## രാത്രി ക്ലാസ്സ് 28/6/68 :

ഇവിടെ എല്ലാവരും ഇരിക്കുന്നുണ്ട്, മനസ്സിലാക്കുന്നു നമ്മൾ ആത്മാക്കളാണ്, ബാബ മുന്നിലിരിക്കുന്നു. ആത്മാഭിമാനിയായിട്ടിരിക്കുക എന്ന് ഇതിനെയാണ് പറയുന്നത്. ഞാൻ ആത്മാവാണ്, ബാബയുടെ മുന്നിലാണിരിക്കുന്നത് എന്ന് സ്മൃതിയിലല്ല സർവ്വരും ഇരിക്കുന്നത്. ഇപ്പോൾ ബാബ ഓർമ്മിപ്പിച്ചു, അപ്പോൾ സ്മൃതി വരും ശ്രദ്ധ കൊടുക്കും. വളരെ കുട്ടികളുടെ ബുദ്ധി പുറമേ അലയുന്നുണ്ട്. ഇവിടെ ഇരിക്കുമ്പോഴും ചെവി അടച്ചിരിക്കുന്നത് പോലെയാണ് ഇരിക്കുന്നത്. ബുദ്ധി പുറത്ത് ഓടി കൊണ്ടിരിക്കുന്നു. ബാബയുടെ ഓർമ്മയിലിരിക്കുന്ന കുട്ടികൾ സമ്പാദിച്ചു കൊണ്ടിരിക്കുന്നു. വളരെ കുട്ടികളുടെ ബുദ്ധി പുറമേ അലയുന്നു, അവർ യാത്രയിലേയല്ല. സമയം നഷ്ടപ്പെടുന്നു. അച്ഛനെ കാണുമ്പോഴേ തന്നെ ബാബയുടെ ഓർമ്മ വരും. പുരുഷാർത്ഥത്തിന്റെ നമ്പറനുസരിച്ചാണ്. ചിലർക്ക് പക്കാ ശീലമായി തീരുന്നു. ഞാൻ ആത്മാവാണ്, ശരീരമല്ല. ബാബ നോളേജ്ഫുൾ ആകുമ്പോൾ കുട്ടികൾക്കും നോളേജ് ഉണ്ടാകുന്നു. ഇപ്പോൾ തിരികെ പോകണം. ചക്രം പൂർത്തിയാകുന്നു, ഇപ്പോൾ പുരുഷാർത്ഥം ചെയ്യണം. വളരെ സമയം കഴിഞ്ഞു പോയി... ഇനി അല്പമേ അവശേഷിക്കുന്നുള്ളൂ....പരീക്ഷാ ദിനങ്ങളിൽ വളരെ പുരുഷാർഥത്തിൽ മുഴുകുവാൻ ആരംഭിക്കാറുണ്ട്. മനസ്സിലാക്കുന്നു- ഞാൻ പരിശ്രമിക്കുന്നില്ലായെങ്കിൽ പരാജയപ്പെടും, പദവിയും വളരെ കുറയും. കുട്ടികളുടെ പുരുഷാർത്ഥം നടന്നു കൊണ്ടേയിരിക്കുന്നു. ദേഹാഭിമാനം കാരണം വികർമ്മം ഉണ്ടാകുന്നു. ഇതിന് 100 ഇരട്ടി ശിക്ഷ ലഭിക്കുന്നു കാരണം എന്നെ നിന്ദിക്കുന്നു. ബാബയുടെ പേര് മോശമാകുന്ന രീതിയിലുള്ള ഒരു കർമ്മവും ചെയ്യരുത്. അതിനാൽ പറയാറുണ്ട്- സത്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഗതി ലഭിക്കില്ല. ഗതി അർത്ഥം ചക്രവർത്തി പദവി. പഠിപ്പിക്കുന്നത് ബാബയാണ്. മറ്റൊരു സത്സംഗത്തിലും ലക്ഷ്യമില്ല. ഇതാണ് നമ്മുടെ രാജയോഗം. ഇവിടെ രാജയോഗമാണ് പഠിപ്പിക്കുന്നതെന്ന് മറ്റാർക്കും ഇങ്ങനെ മുഖത്തിലൂടെ പറയാൻ സാധിക്കില്ല. അവർ മനസ്സിലാക്കുന്നത് ശാന്തിയിൽ തന്നെയാണ് സുഖമുള്ളതെന്ന്. അവിടെ സുഖത്തിന്റേയോ ദുഃഖത്തിന്റേയോ കാര്യമില്ല. ശാന്തി തന്നെ ശാന്തിയാണ്. പിന്നെ മനസ്സിലാക്കാം ഇവരുടെ ഭാഗ്യം കുറവാണ് എന്ന്. ആദ്യം മുതൽ പാർട്ടഭിനയിക്കുന്നവരുടേതാണ് ഏറ്റവും ഉയർന്ന ഭാഗ്യം. അവിടെ അവർക്ക് ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. അവിടെ സങ്കല്പമേയില്ല. കുട്ടികൾക്കറിയാം നമ്മളെല്ലാവരും അവതരിക്കുന്നു. വ്യത്യസ്ത നാമരൂപത്തിൽ വരുന്നു. ഇത് ഡ്രാമയല്ലേ. നമ്മൾ ആത്മാക്കൾ ശരീരം ധരിച്ച് പാർട്ടഭിനയിക്കുന്നു. ആ മുഴുവൻ രഹസ്യങ്ങൾ ബാബ മനസ്സിലാക്കി തരുന്നു. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ അതീന്ദ്രിയ സുഖമുണ്ട്. ഉള്ളിൽ സുഖിയായിട്ടിരിക്കുന്നു. പറയാം ഇവർ ദേഹീയഭിമാനിയാണ്. ബാബ മനസ്സിലാക്കി തരുന്നുണ്ട്- നിങ്ങൾ വിദ്യാർത്ഥികളാണ്. അറിയാം നമ്മൾ ദേവത സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നവരാണ്. കേവലം ദേവതമാരല്ല. നമ്മൾ വിശ്വത്തിന്റെ അധികാരികളാകുന്നവരാണ്. കർമ്മാതീതമാകുമ്പോഴേ ഈ അവസ്ഥ സ്ഥിരമായി നിലനില്ക്കുകയുള്ളൂ. ഡ്രാമ പ്ലാനനുസരിച്ച് തീർച്ചയായും സംഭവിക്കണം. നിങ്ങൾ മനസ്സിലാക്കുന്നുണ്ട്- നമ്മൾ ഈശ്വരീയ പരിവാരത്തിലാണ്. സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി തീർച്ചയായും ലഭി

ക്കണം. ആരാണോ കൂടുതൽ സേവനം ചെയ്യുന്നത്, വളരെ പേരുടെ മംഗളം ചെയ്യുന്നത് അവർക്ക് തീർച്ചയായും ഉയർന്ന പദവി ലഭിക്കും. ബാബ മനസ്സിലാക്കി തന്നു- ഇവിടെ യോഗത്തിലിരിക്കാൻ സാധിക്കും, പുറമേ സെന്ററിൽ അത്  സാധിക്കില്ല. 4 മണിക്ക് വന്ന് യോഗത്തിലിരിക്കുക എന്നത് സെന്ററിൽ എങ്ങനെ സാധിക്കും. ഇല്ല. സെന്ററിൽ നിവസിക്കുന്നവർക്ക് യോഗത്തിലിരിക്കാം, പുറമേയുള്ളവരോട് അറിയാതെ പോലും വരാൻ പറയരുത്. അങ്ങനെയുള്ള സമയമല്ല. ഇത് ഇവിടെ നിവസിക്കുന്നവർക്കാണ്. വീട്ടിലാണ് ഇരിക്കുന്നത്, അപ്പോൾ പുറത്ത് നിന്ന് വരേണ്ടി വരുന്നു. ഇത് കേവലം ഇവിടെയുള്ളവർക്ക് മാത്രമാണ്. ബുദ്ധിയിൽ ജ്ഞാനം ധാരണ ചെയ്യണം. നമ്മൾ ആത്മാക്കളാണ്. ഇത് ആത്മാവിന്റെ അകാല സിംഹാസനമാണ്. ശീലമാകണം. നമ്മൾ ഭായി ഭായിയാണ്, ഭായിയോടാണ് സംസാരിക്കുന്നത്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം ഭസ്മമാകും. ശരി.

മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ ബാപ്ദാദയുടെ സ്നേഹ സ്മരണയും ഗുഡ്നൈറ്റും നമസ്തേയും.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം-

1. ജ്ഞാന യോഗത്തിന്റെ സഞ്ജീവനി മരുന്നിലൂടെ സ്വയത്തെ മായയുടെ അബോധാവസ്ഥയിൽ നിന്നും രക്ഷിച്ചുകൊണ്ടിരിക്കണം. ഒരിക്കലും മൻമതമനുസരിച്ച് നടക്കരുത്.

2. രൂപവസന്തായി സേവനം ചെയ്യണം. മാതാ പിതാവിനെ പിന്തുടർന്ന് സിംഹാസനസ്ഥരാകണം.

## വരദാനം- തന്റെ ശക്തിശാലിസ്ഥിതിയിലൂടെ ദാനവും പുണ്യവും ചെയ്യുന്ന പൂജനീയരും മഹിമായോഗ്യരുമായി ഭവിക്കട്ടെ

അന്തിമസമയത്ത് ദുർബലആത്മാക്കൾ താങ്കൾ സമ്പൂർണആത്മാക്കളിലൂടെ പ്രാപ്തിയുടെ അൽപമെങ്കിലും അനുഭവം ചെയ്യും. അപ്പോൾ ഈ അന്തിമ അനുഭവത്തിന്റെ സംസ്കാരമെടുത്ത് അര കൽപത്തേക്ക് തന്റെ വീട്ടിൽ വിശ്രമത്തിലിരിക്കും, പിന്നീട് ദ്വാപരത്തിൽ ഭക്തരായി താങ്കളുടെ പൂജയും മഹിമയും ചെയ്യും. അതിനാൽ അന്തിമത്തിലെ ദുർബലആത്മാക്കളെ പ്രതി മഹാദാനി വരദാനിയായി അനുഭവത്തിന്റെ ദാനവും പുണ്യവും ചെയ്യൂ. ഈ സെക്കന്റിന്റെ ശക്തിശാലിസ്ഥിതിയിലൂടെ ചെയ്ത ദാന പുണ്യങ്ങൾ അര കൽപത്തേക്ക് പൂജനീയരും മഹിമായോഗ്യരുമാക്കിത്തീർക്കും.

## സ്ലോഗൻ- സാഹചര്യങ്ങളിൽ പരിഭ്രമിക്കുന്നതിനു പകരം സാക്ഷിയായി മാറൂ എങ്കിൽ വിജയിയായിത്തീരും.